(സി) മെസ്സേഴ്സ് എക്സൽ പ്രോപ്പർട്ടീസ് 40/882. ഇയ്യാട്ടിൽ ജംഗ്ഷൻ, കൊച്ചി എന്ന സ്ഥാപനം മാത്രമാണ് ടെണ്ടർ സമർപ്പിച്ചത്.

(ഡി) മെസ്സേഴ്സ് എക്സൽ പ്രോപ്പർട്ടീസ് എന്ന സ്ഥാപനത്തിന് സെന്റിന് 8,01,000 രൂപ നിരക്കിലാണ് ടെണ്ടർ ഉറപ്പിച്ചു നൽകിയത്.

(ഇ) ഇല്ല. ടെണ്ടർ വ്യവസ്ഥപ്രകാരം 30 ദിവസത്തിനകം 50 ശതമാനം വരുന്ന ഭൂമി വില അടയ്ക്കണമെന്ന വ്യവസ്ഥയാണ് പാലിക്കാത്തത്.

(എഫ്) ടെണ്ടർവ്യവസ്ഥ പ്രകാരം അലോട്ട്മെന്റ് ലെറ്റർ കൈപ്പറ്റി 30 ദിവസത്തിനകം ഭൂമിവിലയുടെ 50 ശതമാനം വരുന്നതുക അടയ്ക്കാത്തതും മുഴുവൻ തുകയും അടയ്ക്കുന്നതിനുമുമ്പായി ഇ.എം.ഡി. തുക വസ്തു വിലയിലേക്ക് വരവുവച്ചത് തെറ്റാണെന്നും, പണം അടയ്ക്കാൻ നേരിട്ട കാലതാമസം മാപ്പാക്കിക്കൊണ്ടും എക്സൽ പ്രോപ്പർട്ടീസിന്റെ അപ്പീലിൻമേൽ സർക്കാർ നൽകിയ നിർദ്ദേശം ജി.സി.ഡി.എ. എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിക്കുകയും പണം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

വാഹനം വാങ്ങുന്നതിന് അനുമതി

98 (4533) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി വാഹനം വാങ്ങുന്നതിനായി കാസർകോട് ജില്ലയിലെ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് കഴിഞ്ഞ രണ്ടുവർഷത്തിനകം അനുവാദത്തിനായി അപേക്ഷിച്ചത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവയിൽ ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് വാഹനം വാങ്ങുന്നതിന് അനുമതി നൽകിയത് എന്നറിയിക്കാമോ ;

(സി) വാഹനം വാങ്ങുന്നതിനുള്ള കാസർകോട് ജില്ലാപഞ്ചായത്തിന്റെ അപേക്ഷ നിരസിച്ചത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉദുമ, മംഗൽപാടി, ചെൻമനാട്, മഞ്ചേശ്വരം, ചെങ്കള എന്നീ ഗ്രാമപഞ്ചായത്തുകൾ അനുവാദത്തിന് അപേക്ഷിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പഞ്ചായത്തുകൾക്കെല്ലാം അനുമതി നൽകിയിട്ടുണ്ട്.

(സി) നിരസിച്ചിട്ടില്ല. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫയർ സൊസൈറ്റി

99 (4534) ശ്രീമതി രാധാരാഘവൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫയർ സൊസൈറ്റിയുടെ ഭരണസമിതിയംഗങ്ങൾ ആരെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുവരെ എത്രപേർക്ക് തൊഴിൽ കൊടുക്കുവാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഭരണസമിതി അംഗങ്ങളുടെ പേരുവിവരം ചുവടെ ചേർക്കുന്നു :

1. ശ്രീ. ഗോൾഡൻ (പ്രസിഡന്റ്)
അബ്ദുൾ ഖാദർ, പ്രസിഡന്റ്, മംഗൽപാടി,ഗ്രാമപഞ്ചായത്ത്—പ്രസിഡന്റ്
2. ശ്രീ. പാദൂർ കുഞ്ഞാമ്മൂ,
പ്രസിഡന്റ്, ചെമ്മനാട്, ഗ്രാമപഞ്ചായത്ത്—വൈസ് പ്രസിഡന്റ്
3. പഞ്ചായത്ത് ഡയറക്ടർ—മാനേജിംഗ് ഡയറക്ടർ
4. ശ്രീ. റോയ് കെ. പൗലോസ്, പ്രസിഡന്റ്, ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്.
5. ശ്രീ. സി. കെ. നീലകണ്ഠൻ ഇളയത്
പ്രസിഡന്റ്, മുടക്കുഴ, ഗ്രാമപഞ്ചായത്ത്
6. ശ്രീ. മലയാലപ്പുഴ ഗോപാലകൃഷ്ണൻ,
പ്രസിഡന്റ്, മലയാലപ്പുഴ, ഗ്രാമപഞ്ചായത്ത്
7. ശ്രീ. അഡ്വ.യൂസഫ്കുഞ്ഞ്,
പ്രസിഡന്റ്, പന്മന, ഗ്രാമപഞ്ചായത്ത്
8. ശ്രീ. അബുയൂസഫ് ഗുരുക്കൾ
പ്രസിഡന്റ്, വാളഞ്ചേരി, ഗ്രാമപഞ്ചായത്ത്
9. ശ്രീ. പി. പി. എ. കരീം,
പ്രസിഡന്റ്, മുപൈനാട്, ഗ്രാമപഞ്ചായത്ത്
10. ശ്രീ. പി.ഒ.പി. മുഹമ്മദാലി ഹാജി, പ്രസിഡന്റ്,
മാടായി ഗ്രാമപഞ്ചായത്ത്
11. ശ്രീ. പി. ബി. അബ്ദുൾ റസാഖ്,
പ്രസിഡന്റ്, ചെങ്കള ഗ്രാമപഞ്ചായത്ത്
12. ശ്രീ. ജോർജ് ജേക്കബ്,
അഴാത്തു ഹൗസ്, പെരുനിലം, പൂഞ്ഞാർ പി.ഒ.
13. ശ്രീ. പീറ്റർ ഹിലാരി,
അഡീഷണൽ സെക്രട്ടറി,
ധനകാര്യവകുപ്പ്.
14. ഡെപ്യൂട്ടി സെക്രട്ടറി,
തദ്ദേശസ്വയംഭരണ വകുപ്പ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 52 പേർക്ക് ജോലി നൽകിയിട്ടുണ്ട്. കൂടാതെ ഏകദേശം 50 പേർക്ക് പരോക്ഷമായി തൊഴിൽ നൽകാനും കഴിയുന്നു.

ക്ലീൻകേരള പദ്ധതിനിർവ്വഹണ പുരോഗതി

100 (4535) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ലീൻകേരള പദ്ധതി നടപ്പാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ സാമ്പത്തികവർഷം എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) സംസ്ഥാനത്തെ കോർപ്പറേഷനുകൾക്ക് ഇതിനകം യഥാക്രമം എത്ര തുക വിതരണം ചെയ്തുകഴിഞ്ഞു ;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(ഡി) നിർവ്വഹണപുരോഗതി വിലയിരുത്തുന്നതിന് ഗവൺമെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഇ) തിരുവനന്തപുരം നഗരസഭ ഈ പദ്ധതിപ്രകാരം എന്തെല്ലാം പ്രവർത്തനങ്ങൾ പൂർത്തിയാക്കിയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ക്ലീൻകേരളാ പദ്ധതി നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓരോ സാമ്പത്തികവർഷവും പ്രത്യേകമായി തുക അനുവദിച്ചിട്ടില്ല. അധികാരവികേന്ദ്രീകരണത്തിന് ശേഷം മാലിന്യനീക്കവും നിർമ്മാർജ്ജനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാന ചുമതലയാണ്.

(ബി) ക്ലീൻകേരള പദ്ധതിയുടെ നടത്തിപ്പിനായി തുകയൊന്നും വിതരണം ചെയ്തിട്ടില്ല.

(സി) ഉണ്ട്. 1-4-2003 മുതൽ 2 വർഷം നിശ്ചയിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. പൂർണ്ണസ്വാതന്ത്ര്യമുള്ള ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കാര്യക്ഷമതയുള്ള ഒരു ഉദ്യോഗസ്ഥനെ മുഴുവൻസമയ പ്രവർത്തകനായി പ്രോജക്ട് ഡയറക്ടർ എന്നനിലയിൽ ഒരുവർഷത്തേക്ക് നിയമിക്കാനും ഉത്തരവായിട്ടുണ്ട്.

(ഇ) ക്ലീൻകേരളാ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം നഗരസഭയിൽ ഒരു പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റ് സ്ഥാപിക്കുകയും കോർപ്പറേഷൻ ലവൽ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. നഗരത്തിലെ മെഡിക്കൽ കോളേജ്, മെഡിക്കൽ കോളേജ് ഈസ്റ്റ്, ഗൗരീശപട്ടം, കിഴക്കേകോട്ട, പി.റ്റി.പി. നഗർ എന്നീ വാർഡുകളിൽ മാലിന്യങ്ങൾ നീക്കംചെയ്യുന്നതിന് കുടുംബശ്രീ പ്രവർത്തകരുടെ സഹായത്തോടെ ഡോർ ടു ഡോർ കളക്ഷൻ നടത്തിവരുന്നു. കൂടാതെ ഈ നഗരസഭയിലെ കവടിയാർ-കിഴക്കേകോട്ട റോഡ് ചവർ വിമുക്തമേഖലയായി പ്രഖ്യാപിച്ച് പരിപാലിച്ചുംവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly